# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **664** **27.04.2017**-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | കേരളത്തിലെ പട്ടികവർഗ്ഗക്കാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) | 2% |
| (ബി) | പട്ടികവിഭാഗക്കാർക്കിടയിൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവർ മലയരയൻ, കാണി, കുറിച്യ, കുറുമ തുടങ്ങിയ ചുരുക്കം വിഭാഗങ്ങളിൽ നിന്നുള്ളവരാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. 2013-ലെ സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം മലയരയൻ, കാണി, കുറിച്യ, കുറുമ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരുടെ സാക്ഷരത, വിദ്യാഭ്യാസ നിലവാരം, സർക്കാർ ജോലിയിലെ പ്രാതിനിധ്യം എന്നിവ ഇതര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരേക്കാൾ ഉയർന്നതാണ്. കൂടാതെ ഇവരിൽ ഭൂരിപക്ഷം പേരും സ്വന്തമായി ഭൂമിയുള്ളവരുമാണ്. |
| (സി) | പണിയ, അടിയ, ഇരുള, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങൾ വിദ്യാഭ്യാസത്തിലും സർക്കാർ ജോലി ലഭിക്കുന്ന കാര്യത്തിലും വളരെ പിന്നോക്കമാണെന്നതു കണക്കിലെടുത്ത് അവരെ ഉദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (സി) | പിന്നാക്ക ഗോത്ര വിഭാഗങ്ങളായ അടിയൻ, പണിയൻ, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കുട്ടികളെ വിദ്യാലയത്തിലെത്തിക്കുക, പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ അദ്ധ്യാപകർക്കൊപ്പം നിന്ന് വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹാദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുക, ആവശ്യമായ മറ്റ് സഹായങ്ങൾ ചെയ്യുക എന്നിവയ്ക്കായി പ്രൈമറി ക്ലാസുകൾക്കുള്ള 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ മെൻഡ് ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു" പദ്ധതി 2017-18 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം, പ്രീപ്രൈമറി മുതൽ പോസ്റ്റ്മെട്രിക് തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം, സ്കോളർഷിപ്പുകൾ, മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നിവയും, യുവതീ യുവാക്കൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിനായി പരിശീലന ക്ലാസുകളും ജില്ലാതലത്തിൽ നൽകിവരുന്നുണ്ട്. |
| (ഡി) | കേരളത്തിലെ പട്ടികവിഭാഗക്കാരിൽ 60% ലധികം പേർ വസിക്കുന്ന വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ സംവരണം ഉപയോഗപ്പെടുത്തി ജോലിനേടുന്നത് മറ്റു ജില്ലകളിലെ ആൾക്കാരാണെന്നതു വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ